ആശുപത്രികൾ.

* 3. [3] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ഗവണ്മെൻറാശുപത്രികൾ എത്ര;

(ബി) ഇവയിൽ ഒന്നാംഗ്രേഡ് എത്ര; രണ്ടാംഗ്രേഡ് എത്ര; മൂന്നാംഗ്രേഡ് എത്ര;

(സി) ഇങ്ങനെ ഗ്രേഡ് നിശ്ചയിക്കുന്നതിൻറെ മാനദണ്ഡം എന്തു;

(ഡി) മുകുന്ദപുരം താലൂക്കിൻറെ തലസ്ഥാനമായ ഇരിങ്ങാലക്കുട സ്ഥിതി ചെയ്യുന്ന ആശുപത്രി വിപുലീകരിക്കുന്നതിന് ഗവണ്മെൻറ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം) :

(എ) സംസ്ഥാനത്തുള്ള ഗവണ്മെൻറാശുപത്രികൾ 56.

(ബി) ഇവയെ ഗ്രേഡുകളായി തരംതിരിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്. ഈ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനു രണ്ടാംപഞ്ചവത്സരപദ്ധതിയിൽ വേണ്ട ഏർപ്പാട് ചെയ്യാം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഈ സാമ്പത്തികവർഷത്തിൽ എത്ര ആശുപത്രികൾ അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നു?

ശ്രീ. എ. എ. റഹീം : മൂന്നു ഡിസ്പെൻസറികൾ അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അതു് ഏതെല്ലാമാണെന്നു പറയാമോ ?

ശ്രീ. എ. എ. റഹീം : അതു് ഹരിപ്പാട്, പുനലൂർ, തൊടുപുഴ ഇവയാണു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : കായങ്കുളം ആശുപത്രി അപ്ഗ്രേഡ് ചെയ്യാൻ കഴിഞ്ഞ കൊല്ലം തീരുമാനിച്ചിട്ടില്ലേ ?

ശ്രീ. എ. എ. റഹീം : അങ്ങനെ തീരുമാനം ചെയ്തിട്ടില്ല. അതിനു വേണ്ടതു് ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിനുവേണ്ടിയുള്ള സ്ഥലം എടുക്കുന്ന പ്രവർത്തനം നടത്തികൊണ്ടിരിക്കുകയാണു്. അതിനു ഏതിർപ്പുകളും ഉണ്ടു്. അതിലേയ്ക്കു് കൂടുതൽ സ്ഥലം എടുക്കുന്നതിനുള്ള തുക അടുത്ത ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടു്.

സ്റ്റാറ്റിസ്റ്റിക്സ് വകുപ്പു്

* 4. [4] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽനിന്നും കാഷ്വൽ, സാമ്പത്തികവും, വ്യാവസായികവുമായ രംഗങ്ങളിൽ നിന്നും എന്തെല്ലാം വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടു് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർവ്വേകൊണ്ട് ഗവണ്മെൻറ് എന്താണ് ഉദ്ദേശിച്ചിട്ടുള്ളത് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം) : (എ) കൃഷിഭൂമിയുടെ വിസ്തീർണ്ണം, ജലസേചനസൗകര്യങ്ങൾ, കൃഷിഭൂമികളിൽ കൃഷി ചെയ്യുന്നതിൽനിന്നും ലഭിക്കുന്ന വിളവ്, കൃഷി ചെയ്യുന്നതിനുള്ള ചെലവ്, കാർഷിക വ്യവസായ തൊഴിലാളികളുടെ ജീവിതത്തോതു മുതലായ വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) രാജ്യത്തെ കാർഷികവും, സാമ്പത്തികവുമായ നിലവാരം മനസ്സിലാക്കുന്നതിനുവേണ്ടിയാണ് ഈ പ്രവർത്തനം നടത്തിവരുന്നത്.

ശ്രീ. പി. ഗോപാലൻ : ഇതിനകം എന്തെല്ലാം വിവരങ്ങൾ ശേഖരിച്ചു എന്നു പറയാമോ ?

ശ്രീ. എ. എ. റഹീം : ഞാൻ മുമ്പുപറഞ്ഞ വിവരങ്ങൾ ശേഖരിച്ചുവരികയാണ്. അതു് പരിപൂർണ്ണമായിട്ടില്ല.

ശ്രീ. പി. ഗോപാലൻ : അതിന്റെ സ്വഭാവമെന്താണെന്നു പറയാമോ ?

ശ്രീ. എ. എ. റഹീം : കണക്കുകൾ ശേഖരിക്കുന്ന സ്വഭാവമാണ്. അതായതു് കൃഷിഭൂമിയുടെ വിസ്തീർണ്ണം, ജലസേചനസൗകര്യങ്ങൾ, കൃഷി ചെയ്യുന്നതിനുള്ള ചെലവ്, ലഭിക്കുന്ന വിളവ് ഈ സ്വഭാവത്തിലാണ് വിവരങ്ങൾ ശേഖരിച്ചുവരുന്നതു്.

ശ്രീ. പി. ആർ. മാധവൻപിള്ള : കൃഷിക്കാർ എന്തുപാട്ടം കൊടുക്കുന്നു എന്നുള്ള വിവരം ശേഖരിക്കുന്നുണ്ടോ ?

ശ്രീ. എ. എ. റഹീം : എല്ലാ വിവരങ്ങളും അതിൽ ഉൾപ്പെടുമെന്നാണ് ഉദ്ദേശിക്കുന്നതു്. അങ്ങനെ ഉൾപ്പെടുന്നില്ലെങ്കിൽ ഏതടിസ്ഥാനത്തിൽ അതു് ഉൾപ്പെടുത്താൻ സാധിക്കുമോ അങ്ങനെ അതുകൂടി ഉൾപ്പെടുത്തുന്നതിനു വേണ്ടതു ചെയ്യാം.

വ്യവസായവകുപ്പിന്റെ സ്റ്റോക്കിൽ കുറവുവന്ന ഉരുക്കു്.

* 5. [5] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാന വ്യവസായവകുപ്പിന്റെ സ്റ്റോക്കിൽ 4 ടൺ ഉരുക്കു് കുറവു വന്നിട്ടുള്ളതായി കണ്ടുപിടിക്കപ്പെട്ടിട്ടുള്ള വാർത്ത ശരിയാണോ ;

(ബി) ഏതെല്ലാം ഉദ്യോഗസ്ഥന്മാർചേർന്നു് സ്റ്റോർ പരിശോധിച്ചപ്പോഴാണ് ഈ വിവരം പുറത്തായതു് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം) :

(എ) ശരിയാണ്.

LIBRARY ARCHIVES Kerala Legislative Assembly